# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 734 | 07.02.2013-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുരളീധരൻ :<br>,, ഷാഫി പറമ്പിൽ :<br>,, കെ. അച്ചുതൻ :<br>,, വി. റ്റി. ബൽറാം : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി നവംബർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് ഒട്ടാകെ തുടക്കം കുറിച്ചു.

(ബി) ഇത്തരം മരുന്നുകൾ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾ വഴിയാണ് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്ത് എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. 12-ഇനം മരുന്നുകളാണ് ഈ വിധം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുള്ളത്.

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ;

(സി) പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങൾക്കാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഇതിൽ പ്രമേഹത്തിന് എതിരായുള്ള ഇൻസുലിൻ കുത്തിവയ്പ്പും ഉൾപ്പെടുന്നു.

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ?

(ഡി) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിത ശൈലീ ക്ലിനിക്കുകളിലും, ക്യാമ്പുകളിലും കൂടി സൗജന്യ മരുന്ന് ലഭ്യമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിൽ സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള വേർതിരിവോ ഇല്ല.

സെക്ഷൻ ഓഫീസർ